## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4630** **23.07.2015 ൽ മറുപടിയ്ക്ക്**

## കാസർകോട് ജില്ലയിൽ സോളാർ പാർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ : | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ജില്ലയിൽ സോളാർ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് പദ്ധതിക്കുള്ള സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പദ്ധതിയ്ക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയ്ക്ക് ഒരു മെഗാവാട്ടിന് ഏഴുകോടി രൂപ പ്രകാരം ഇരുനൂറ് മെഗാവാട്ടിന് 1400 കോടി രൂപ മതിപ്പ് മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. |
| (സി) പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വിശദമാക്കാമോ; | (സി) പ്രസ്തുത പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (സെക്കി) കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി)എത്ര ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതികൾക്കായി എറ്റെടുക്കുന്നതെന്നും എവിടൊക്കെയാണെന്നും വിശദീകരിക്കാമോ; | (ഡി) ഒരു മെഗാവാട്ട് സോളാർ പദ്ധതി സ്ഥാപിക്കുവാനായി ഏകദേശം 5 ഏക്കർ ഭൂമി ആവശ്യമായിട്ടുണ്ട്. അതുപ്രകാരം കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പാർക്ക് സ്ഥാപിക്കുവാനായി 1000 ഏക്കർ ഭൂമി സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) ഈ പദ്ധതിപ്രകാരം ആകെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ? | (ഇ) 200 മെഗാവാട്ട്. |

സെക്ഷൻ ഓഫീസർ